بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 16.10.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് മുഅവ്വിദ് ബിൻ ഹാരിസ് (റ)
## ഹദ്റത്ത് ഉബയ്യ ബിൻ കഅബ് (റ)

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ: ഫാതിഹയും ഓതിയതിനുശേഷം ഹുസൂർ(അയ്യദഹു) പറഞ്ഞു: ഇന്ന് ഞാൻ ആദ്യം അനുസ്മരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് മുഅവ്വിദ് ബിൻ ഹാരിസ് എന്നാകുന്നു. ഹദ്റത്ത് മുഅവ്വിദ് അൻസ്വാരിലെ ഖസ്റജ് ഗോത്രക്കാരൻ ആയിരുന്നു. ഹദ്റത്ത് മആദും ഹദ്റത്ത് ഔഫും അദ്ദേഹത്തിന്റെ സഹോദരന്മാരാകുന്നു. ഇവർ മൂന്നുപേരും ബനൂ അഫ്റാഅ് എന്നും അറിയപ്പെട്ടിരുന്നു. ഇബ്നു ഇസ്ഹാഖിൽ നിന്നുള്ള നിവേദനത്തിൽ പറയുന്നു; 70 അൻസ്വാറുകളോടൊപ്പം ബയ്അത്ത് ഉഖ്ബ സാനിയയിൽഹദ്റത്ത് മുഅവ്വിദും ഭാഗഭാക്കായിരുന്നു. ഹദ്റത്ത് മുഅവ്വിദിന് തന്റെ രണ്ട് സഹോദരന്മാരായ ഹദ്റത്ത് മആദ്, ഹദ്റത്ത് ഔഫ് എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ ഭാഗഭാക്കാകാൻ സൗഭാഗ്യം ലഭിച്ചിരുന്നു.

ഹദ്റത്ത് അനസിൽ നിന്നുള്ള നിവേദനം; തിരുനബി(സ) ബദ്ർ യുദ്ധദിവസം പറഞ്ഞു: അബൂജഹലിന് എന്തു സംഭവിച്ചുവെന്ന് ആരാണ് നോക്കുക? ഹദ്റത്ത് ഇബ്നു മസ്ഊദ് പോയി നോക്കി. അയാളെ അഫ്റായുടെ രണ്ട് മക്കളും വാളുകൊണ്ട് എത്രത്തോളം അക്രമിച്ചുവെന്നാൽ അയാൾ മരണാസന്നനായിരുന്നു. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, അയാളുടെ ശരീരവും തലയും വേർപെടുത്തുകയായിരുന്നു.

ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് മുഅവ്വിദ് പോരാടി കൊണ്ടു തന്നെ ശഹീദായി. അദ്ദേഹത്തെ അബൂ മസാഫഹ് ആയിരുന്നു ശഹീദാക്കിയത്.

ഹുസൂർ അൻവർ പറയുന്നു: അടുത്തതായി അനുസ്മരിക്കുന്ന സഹാബിയുടെ പേര് ഹദ്റത്ത് ഉബയ്യിബ്നു കഅബ് എന്നാകുന്നു. ഹദ്റത്ത് ഉബയ്യ് അൻസ്വാറിലെ ഖസ്റജ് ഗോത്രത്തിലെ ശാഖയായ ബനു മുആവിയയിൽ നിന്നുള്ളവ്യക്തിയാണ്. ഹദ്റത്ത് ഉബയ്യ് ഇടത്തരം ഉയരമുള്ള ആളായിരുന്നു.ഹദ്റത്ത് ഉബയ്യിന് മുസ്‌ലിം ആകുന്നതിനു മുൻപേ എഴുതാനും വായിക്കാനും അറിയാമായിരുന്നു. ഇതിനുശേഷം ഹദ്റത്ത് ഉബയ്യിന് തിരുനബി (സ) ഇറങ്ങുന്ന വഹ്‌യ് എഴുതുവാനുള്ള സൗഭാഗ്യം ലഭിച്ചിരുന്നു. തിരുനബി(സ) പറയുന്നു: എന്റെ ഉമ്മത്തിലെ ഏറ്റവുംവലിയഖാരി (ഓത്തുകാരൻ) ഉബയ്യ് ആകുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു; തിരുനബി(സ) ഉമ്മത്തിലെ ഖാരിമാർ (ഓത്തുകാർ) എന്നു പറഞ്ഞ നാല് പേരിൽ ഉബയ്യ് ബിനു കഅ്ബ് ഉൾപ്പെടുന്നു. അതായത് ആർക്കെങ്കിലും വിശുദ്ധഖുർആൻ പഠിക്കണമെങ്കിൽ ഇവരിൽനിന്ന് പഠിക്കുക. തിരുനബി (സ) വിശുദ്ധ ഖുർആൻ എഴുതിപ്പിച്ചിരുന്ന 15 ആളുകളിലും അദ്ദേഹം ഉൾപ്പെടുന്നു.

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു; തിരുനബി(സ), ഹദ്റത്ത് ഉബയ്യിനോട് പറഞ്ഞു: ഞാൻ താങ്കൾക്ക് *ലം യകുനില്ലദീന കഫറൂ മിൻ അഹ് ലിൽ കിത്താബി* എന്ന സൂറത്ത് പഠിപ്പിച്ചുതരണമെന്ന് അല്ലാഹു എന്നോട് കല്പിച്ചിരിക്കുന്നു.ഹദ്റത്ത് ഉബയ്യ് ചോദിച്ചു: എന്റെ പേര് പറഞ്ഞിട്ടുണ്ടോ? തിരുനബി(സ) പറഞ്ഞു: അതേ. ഹദ്റത്ത് ഉബയ്യ് ഇതുകേട്ടപ്പോൾ കരയാൻ തുടങ്ങി.

ഹദ്റത്ത് അനസ് നിവേദനം ചെയ്യുന്നു; നാല് ആളുകൾ തിരുനബി(സ)ന്റെ കാലഘട്ടത്തിൽ വിശുദ്ധ ഖുർആൻ മുഴുവനും മനപ്പാഠം ആക്കിയിരുന്നു. ഇവർ എല്ലാവരും അൻസ്വാരികൾ ആയിരുന്നു. അതായത് ഹദ്റത്ത് ഉബയ്യ് ബിനു കഅബ്, ഹദ്റത്ത് മആദ് ബിനു ജബൽ.അവർഅബൂ സയ്ദ്, ഹദ്റത്ത് സയ്ദ് ബിനു സാബിത്ത് എന്നിവരായിരുന്നു.

തിരുനബി(സ) പറയുന്നു: എന്റെ ഉമ്മത്തിൽ ഖിർആത്ത് (ഖുർആൻ പാരായണ മുറ) സംബന്ധിച്ച് ഏറ്റവുമധികം അറിയുന്ന ആൾ ഹദ്റത്ത് ഉബയ്യിബ്നു കഅബ് ആകുന്നു. തിരുനബി(സ) മദീനയിൽഎത്തിച്ചേർന്നപ്പോൾ തിരുനബി (സ)ന് ഉണ്ടാകുന്ന വഹ്‌യ്, അതായത് ഏറ്റവും ആദ്യം വഹ്‌യ് എഴുതുന്ന ആൾ ഹദ്റത്ത് ഉബയ്യിബ്നു കഅബ് ആയിരുന്നു. ഹദ്റത്ത് ഉബയ്യ് വിശുദ്ധ ഖുർആനിലെ ഓരോരോ അക്ഷരവും തിരുനബി(സ)ന്റെ പരിശുദ്ധ നാവിൽ നിന്ന് കേട്ടുകൊണ്ടാണ് മനപ്പാഠമാക്കിയത്. തിരുനബി(സ) അദ്ദേഹത്തിന്റെ താല്പര്യം കണ്ടപ്പോൾ അദ്ദേഹത്തെ പഠിപ്പിക്കാൻ പ്രത്യേക ശ്രദ്ധ കാണിച്ചിരുന്നു. ഒരിക്കൽ

തിരുനബി(സ) ഫജ്ർ നമസ്കരിപ്പിച്ചു. അതിൽ ഒരു ആയത്ത് മറന്നുപോയി. ഹദ്റത്ത് ഉബയ്യ് നമസ കാരത്തിന്റെ ആരംഭത്തിൽ എത്തിച്ചേർന്നിരുന്നില്ല. ഇടയ്ക്കാണ് വന്നത്. നമസ്കാരം അവസാനിച്ചപ്പോൾ തിരുനബി(സ) ജനങ്ങളോട് ചോദിച്ചു: ആരെങ്കിലും എന്റെ ഖിർആത്ത്(ഓത്ത്) ശ്രദ്ധിച്ചിരുന്നുവോ? എല്ലാവരും നിശബ്ദരായിരുന്നു. ഹദ്റത്ത് ഉബയ്യ് പറഞ്ഞു: യാ റസൂലല്ലാഹ്! ശരിയാണ്. അങ്ങ് ഇന്ന ആയത്ത് ഓതിയിട്ടില്ല. അത് കാലഹരണപ്പെട്ടതാണോ അതല്ല അങ്ങ് ഓതാൻ മറന്നതാണോ? പറഞ്ഞു: അല്ല. ഞാൻ അത് ഓതാൻ മറന്നുപോയതാണ്. തുടർന്ന് തിരുനബി(സ) ഹദ്റത്ത് ഉബയ്യിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: നിങ്ങൾക്കല്ലാതെ മറ്റാർക്കും ഇക്കാര്യത്തിലേക്ക് ശ്രദ്ധ പോയിട്ടുണ്ടാകില്ല എന്ന് എനിക്ക് അറിയാമായിരുന്നു.

ഹദ്റത്ത് ഉബയ്യിബ്നു കഅബ് നിവേദനം ചെയ്യുന്നു: തിരുനബി(സ) എന്നോട് പറഞ്ഞു: അല്ലയോ ഉബയ്യ്! വിശുദ്ധ ഖുർആൻ എന്റെ ഉമ്മത്തിനു വേണ്ടി ഒരു പാരായണ മുറയിൽ വിശുദ്ധ ഖുർആൻ ഓതാൻ എനിക്ക് സന്ദേശം നൽകപ്പെട്ടിരിക്കുന്നു. അതിനു മറുപടിയായി ഞാൻ പറഞ്ഞു: എന്റെ ഉമ്മത്തിന് എളുപ്പം ഉണ്ടാക്കേണമേ! അങ്ങനെ രണ്ടാംതവണ മറുപടിയായി ഞാൻ വിശുദ്ധ ഖുർആൻ രണ്ട് പാരായണമുറകളിൽ ഓതണമെന്ന് പറഞ്ഞു. അപ്പോൾ ഞാൻ വീണ്ടും പറഞ്ഞു: എന്റെ ഉമ്മത്തിന് എളുപ്പമുണ്ടാക്കിയാലും. തുടർന്ന് മൂന്നാമത്തെ പ്രാവശ്യം എന്നോട് അത് ഏഴുതരം പാരായണ മുറകളിൽ ഓതുക എന്ന് പറയപ്പെട്ടു. അങ്ങനെ ഒരോ ചോദ്യത്തിനു പകരമായി നിനക്ക് ദുആയുടെ അവകാശം നൽകപ്പെട്ടിരിക്കുന്നു എന്ന് സന്ദേശം നൽകി. ആയതിനാൽ ഞാൻ പറഞ്ഞു: അല്ലാഹുവേ, എന്റെ ഉമ്മത്തിന് പൊറുത്തുകൊടുക്കേണമേ! അല്ലാഹുവേ, എന്റെ ഉമ്മത്തിന് പൊറുത്തുകൊടുക്കേണമേ! മൂന്നാമത്തെ ദുആ ഹദ്റത്ത് ഇബ്റാഹിം അടക്കം എല്ലാ സൃഷ്ടികളും എന്നിലേക്ക് തിരിയുന്ന ദിവസത്തേക്ക് വേണ്ടി ഞാൻ മാറ്റി വച്ചിരിക്കുകയാണ്.

ഹദ്റത്ത് ഉബയ്യിബ്നു കഅബിന് ഖുർആൻ പാരായണ കലയിൽ വളരെയേറെ പ്രാഗൽഭ്യം ഉണ്ടായിരുന്നു. സ്വയം തിരുനബി (സ) അദ്ദേഹത്തെ കൊണ്ടാണ് ഖുർആൻ മുഴുവൻ ഓതിച്ചിരുന്നത് എന്നതിൽ നിന്നും അതേപ്പറ്റി ഊഹിക്കാവുന്നതേയുള്ളൂ. തിരുനബി(സ) വഫാത്തായ വർഷം, തിരുനബി(സ) ഹദ്റത്ത് ഉബയ്യിന് ഖുർആൻ ഓതികേൾപ്പിക്കുകയും ഉബയ്യിന് ഖുർആൻ പാരായണംചെയ്ത കേൾപ്പിക്കാൻ ജിബ്രീൽ എന്നോട് പറഞ്ഞിരിക്കുന്നു പറയുകയും ചെയ്തു:

ഹദ്റത്ത് ഉബയ്യിബ്നു കഅബ് നിവേദനം ചെയ്യുന്നു; തിരുനബി(സ) പറഞ്ഞു:അല്ലയോ അബൂ മുൻദിർ! നിങ്ങളുടെ കയ്യിലുള്ള അല്ലാഹുവിന്റെ ഗ്രന്ഥത്തിലെ ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്നു താങ്കൾക്ക് അറിയാമോ? ഹദ്റത്ത് ഉബയ്യ് പറയുന്നു; ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും തന്നെയാണ് നന്നായി അറിയുന്നത്. തിരുനബി(സ) രണ്ടാമതും ചോദിച്ചു: അബൂമുൻദിർ, നിന്റെ പക്കലുള്ള അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ ഏറ്റവും മഹത്തായ ആയത്ത് ഏതാണെന്ന് നിനക്ക് അറിയാമോ? അദ്ദേഹം പറയുന്നു: തിരുനബി(സ) വീണ്ടും ചോദിച്ചപ്പോൾ ഞാൻ പറഞ്ഞു, അല്ലാഹു ലാഇലാഹ ഇല്ലാഹൂ. അൽ ഹയ്യുൽഖയ്യൂം

അദ്ദേഹം പറയുന്നു, തിരുനബി(സ) എന്റെ നെഞ്ചിൽ കൈ തട്ടിക്കൊണ്ട് പറഞ്ഞു: അബൂമുൻദിർ! അല്ലാഹുവാണ! അതുതന്നെ. നിങ്ങൾക്ക് നിങ്ങളുടെ അറിവ് അനുഗൃഹീതമാകട്ടെ.

തിരുനബി(സ)ന്റെ പരിശുദ്ധ കാലഘട്ടത്തിൽ ഹദ്റത്ത് ഉബയ്യ്, ഹദ്റത്ത് തുഫൈൽ ബിൻ അംറ് ദോസിക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിരുന്നു. അദ്ദേഹം ഒരു വില്ല് അതിന് ഉപഹാരമായി നൽകി.. തിരുനബി(സ) പറഞ്ഞു: അത് അയാൾക്ക്തന്നെ തിരികെകൊടുക്കുക. മേലിൽ ഇത്തരം ഉപഹാരങ്ങൾ വാങ്ങുന്നതിൽ നിന്നും വിട്ടു നിൽക്കുക. അതായത് ഖുർആൻ പഠിപ്പിക്കുന്നതിന് യാതൊരു പാരിതോഷികവും വാങ്ങരുത്.

ഹദ്റത്ത് ഉബയ്യ്, ബദർ ഉഹദ്, ഖന്ദക്ക് തുടങ്ങി എല്ലായുദ്ധങ്ങളിലും തിരുനബി(സ)യോടൊപ്പം പങ്കെടുത്തിരുന്നു. ഹദ്റത്ത് അബൂബക്കറിന്റെ കാലത്ത് വിശുദ്ധ ഖുർആൻ യഥാക്രമം ക്രോഡീകരിക്കാനുള്ള ജോലികൾ ആരംഭിച്ചു. സ്വഹാബാക്കളുടെ ഒരു സംഘത്തെ ഈ ജോലിക്ക് വേണ്ടി നിയോഗിച്ചിരുന്നു. ഹദ്റത്ത് ഉബയ്യ് ആയിരുന്നു ഇവരുടെ മേൽനോട്ടക്കാരൻ. അദ്ദേഹം വിശുദ്ധ ഖുർആനിലെ വാക്കുകൾ പറയുകയും മറ്റുള്ളവർ അത് എഴുതുകയും ചെയ്തിരുന്നു.

ഹദ്റത്ത് ഉമറിന്റെഖിലാഫത്ത്കാലത്ത് നൂറുകണക്കിന് പ്രയോജനപ്രദമായ കാര്യങ്ങൾക്ക് ആരംഭംകുറിച്ചിരുന്നു. അതിലൊന്ന് മജ്ലിസ് ശൂറയുടെ സ്ഥാപനമാണ്. അതിൽ ഖസ്റജ് ഗോത്രത്തിൽ നിന്നും ഹദ്റത്ത് ഉബയ്യ് ബിൻ കഅബ് അംഗമായിരുന്നു.

ഹുസൂർ അൻവർ പറയുന്നു; ഹദ്റത്ത് ഉബയ്യ്, തിരുനബി(സ)ൽ നിന്ന് ഹദീസിന്റെ വലിയൊരു ഭാഗംകേട്ട മഹാത്മാക്കളിൽ ഒരാളായിരുന്നു. അതുകൊണ്ടുതന്നെ നിരവധി സ്വഹാബാക്കൾ ഹദീസ് ദർസിൽ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. ഹദ്റത്ത് ഉമർ ബിൻ ഖത്താബ്, ഹദ്റത്ത് അബു അയ്യൂബ് അൻസ്വാരി, ഹദ്റത്ത് ഉബാദ ബിൻ സാമിത്ത്, ഹദ്റത്ത് അബൂഹുറയ്റ, ഹദ്റത്ത് അബൂമൂസാ അശ്അരി, ഹദ്റത്ത് അനസ് ബിൻ മാലിക്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്, ഹദ്റത്ത് സഹ്ൽ ബിൻ സഅദ്, ഹദ്റത്ത് ഉൽമാൻ ബിൻ സർദിയ്യാ തുടങ്ങിയവരെല്ലാം ഹദ്റത്ത് ഉബയ്യിൽ നിന്നുള്ള ഹദീസ് വിജ്ഞാനം പ്രയോജനപ്പെടുത്തിയവരാകുന്നു.

ഹദ്റത്ത് ഖയ്സ് ബിൻ ഉബബ്ദ പറയുന്നു: ഞാൻ ഹദ്റ

ത്ത് ഉബയ്യ് ബിൻ കഅബിനേക്കാളും വലുതായി ഇക്കാര്യത്തിൽ ആരെയും കണ്ടിട്ടില്ല.
ഹുസൂർ അൻവർ പറയുന്നു; ഹദ്റത്ത് ഉസ്മാന്റെ കാലത്ത് വിശുദ്ധ ഖുർആനിൽ ഉച്ചാരണവൈജാത്യം എല്ലാ സ്ഥലങ്ങളിലുംസർവ്വസാധാരണമായിട്ടുണ്ടായിരുന്നു. അതുകൊണ്ട് ഹദ്റത്ത് ഉസ്മാൻ പറഞ്ഞു: എല്ലാ മുസ്ലിംകൾക്കും ഖുർആന്റെ ഒരൊറ്റ ഉച്ചാരണമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഖുറൈശികളിലും അൻസ്വാറുകളിലും 12 പേർ ഖുർആന്റെ കാര്യത്തിൽ ലബ്ധപ്രതിഷ്ഠരായിരുന്നു. ഹദ്റത്ത് ഉസ്മാൻ ഈ പ്രാധാന്യപ്പെട്ട ഉത്തരവാദിത്വം അവരെ ഏല്പിച്ചു. ഹദ്റത്ത് ഉബയ്യിബിൻ കഅബിനെ അവരുടെ നേതാവായി നിശ്ചയിച്ചു. ഹദ്റത്ത് ഉബയ്യ് (റ) ഖുർആന്റെ വാക്കുകൾ പറയുകയും ഹദ്റത്ത് സയ്ദ്(റ) അത് എഴുതുകയുംചെയ്തിരുന്നു. ഇന്നുള്ള സർവ ഖുർആനും ഹദ്റത്ത് ഉബയ്യ് ബിൻ കഅബിന്റെ ഖിർആത്ത് (പാരായണമുറ) അനുസരിച്ചുള്ളവയാകുന്നു.
ഹദ്റത്ത് ഉബയ്യിബിനു കഅബ് പറയുന്നു: ഞാൻ 8 രാത്രി കൊണ്ട് വിശുദ്ധ ഖുർആൻ മുഴുവൻ ഓതിത്തീർക്കുമായിരുന്നു.
ഹദ്റത്ത് ഉബയ്യിന് തിരുനബി(സ)നോടു ഉണ്ടായിരുന്ന സ്നേഹം അനുപമമായിരുന്നു. തിരുനബി(സ) മസ്ജിദുന്നബ്വിയിലെ തൂണുകൾക്കിടയിൽ നിന്നുകൊണ്ടാണ് ഖുത്ബ നൽകിയിരുന്നത്. പിന്നീട് തിരുനബി(സ)ന് വേണ്ടി മിമ്പർ ഉണ്ടാക്കിയപ്പോൾ അതിൽ നിന്നുകൊണ്ട് ഖുത്ബ നൽകിത്തുടങ്ങി. അപ്പോൾ ഈ തൂണുകളിൽ നിന്ന് കരയുന്ന ശബ്ദം വരാൻ തുടങ്ങി. അത് മസ്ജിദിൽ ഉണ്ടായിരുന്ന എല്ലാവരുംകേട്ടിരുന്നു. തിരുനബി(സ) ആ തൂണുകൾക്ക് അടുത്തുവരികയും, തന്റെ കൈ അതിൽവെക്കുകയും അതിനെ നെഞ്ചോട്ചേർത്തു പിടിക്കുകയും ചെയ്തപ്പോൾ ആ തടി, കുട്ടിയെപ്പോലെ കരയാൻതുടങ്ങി. അതിനെ നിശബ്ദമാക്കുകയും അങ്ങനെ സമാധാനമായി ശബ്ദം വരുന്നത് നിലക്കുകയും ചെയ്തു. പിന്നെ മസ്ജിദ് പൊളിച്ചുമാറ്റങ്ങൾ വരുത്തിയപ്പോൾ ഹദ്റത്ത് ഉബയ്യിബ്നു കഅബ്, ആ തടി എടുക്കുകയുണ്ടായി. അതിൽതിരുനബി(സ) ചാരി നിന്നിരുന്നു എന്ന കാരണം കൊണ്ട് അത് വീട്ടിലേക്ക്കൊണ്ട് പോകുകയുണ്ടായി. പിന്നെ അത് പഴകുകയും അത് ചിതലരിച്ച് പൊടിയുകയുംചെയ്തു. എങ്കിലും അതിനോടുള്ള സ്നേഹം കാരണം, അത് അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചു.
റസൂലുല്ലാഹ്(സ)ന്റെ സ്വഹാബാക്കളിൽ ആറ് ഖാളിമാർ ഉണ്ടായിരുന്നു. ഹദ്റത്ത് ഉബയ്യിബിൻ കഅബും അതിൽ അംഗമായിരുന്നു. ഹദ്റത്ത് ഉബയ്യ് വിവരിക്കുന്നു; തിരുനബി(സ)ന്റെ കാലത്ത് എനിക്ക് നൂറ് ദിനാർ കളഞ്ഞു കിട്ടി. തിരുനബി(സ) എന്നോട് കൽപ്പിച്ചു; അതേക്കുറിച്ച് ഒരു വർഷം മുഴുവൻ ജനങ്ങൾക്കിടയിൽ വിളംബരംചെയ്യുക. ഒരു വർഷംകൂടി കാത്തിരിക്കുക. ആരെങ്കിലും തെളിവ് അനുസരിച്ച് അന്വേഷിച്ചെത്തിയാൽ അയാൾക്ക് കൊടുക്കുക. ഇല്ലെങ്കിൽ അത് നിങ്ങളുടെതായി കഴിഞ്ഞു. ഒരാൾ മസ്ജിദിൽ നഷ്ടപ്പെട്ട ഏതോ സാധനത്തെപറ്റി ബഹളമുണ്ടാക്കി.. ഹദ്റത്ത് ഉബയ്യ് അത് കണ്ടപ്പോൾ ദേഷ്യപ്പെട്ടു. പറഞ്ഞു: ഇത് മസ്ജിദിന്റെ മര്യാദക്ക് വിരുദ്ധമാകുന്നു. അതായത്ഇവിടെ ഭൗതിക സാധനങ്ങൾ സംബന്ധിച്ച് വിളംബരം പാടില്ല.
ഹദ്റത്ത് ഉബയ്യ് ഹിജ്റി 30ലാണ് വഫാത്ത്. അദ്ദേഹത്തിന്റെ മക്കൾ തുഫയ്ലും മുഹമ്മദും ആകുന്നു. ഈ കുട്ടികളുടെ മാതാവിന്റെ പേര് ഉമ്മു തുഫയ്ൽ ബിൻത് തുഫയ്ൽ എന്നായിരുന്നു. ഒരു മകളുടെ പേര് ഉമ്മു അംറ് എന്നുമാകുന്നു. ഹുസൂർ പറയുന്നു: ഇവിടെ അദ്ദേഹത്തിന്റെ സംഭവങ്ങൾ അവസാനിക്കുകയാണ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 16.10.2020
Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516